**പതിനഞ്ചാം കേരള നിയമസഭ**

**മൂന്നാം സമ്മേളനം**

**ബഹു സ്പീക്കറുടെ റൂളിംഗ്**

**09-11-2021**

**(22) ബിൽ ശബ്ദവോട്ടോടെ പാസ്സാക്കിയത് സംബന്ധിച്ച്**

2021-നവംബർ 10-ാം തീയതി നിയമനിർമ്മാണകാര്യത്തിനുശേഷം, 2021 നവംബർ 9-ാം തീയതി സഭ പരിഗണിച്ച 2021 –ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (വഖഫ് ബോർഡിന്റെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബില്ലിന്റെ മൂന്നാം വായനയിൽ ഡിവിഷൻ ആവശ്യപ്പെട്ടിട്ടും ബിൽ ശബ്ദവോട്ടോടെ പാസ്സാക്കിയതിനെതിരെ പ്രതിപക്ഷത്തെ ഒരംഗം നോട്ടീസ് നൽകിയ ക്രമപ്രശ്നത്തിന്മേൽ ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി+.

"ബില്ലിന്റെ പരിഗണനാവേളയിൽ ചെയർ സഭയുടെ സെൻസ് മനസ്സിലാക്കി എടുത്ത ഒരു തീരുമാനത്തിന്മേൽ പരിശോധനയോ ഡിബേറ്റോ നടത്തുന്നത് പാർലമെന്ററി നടപടിക്രമമനുസരിച്ച് ഉചിതമല്ല. ബഹുമാനപ്പെട്ട അംഗം എഴുതി നൽകിയ വിഷയത്തിന്റെ അന്തസ്സത്ത

ഉൾക്കൊള്ളുന്നു; ഭാവിയിൽ ഇക്കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.''